മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി : ഇന്നലെ ഉണ്ടായ സംഭവത്തെക്കുറിച്ചാണ് അടിയന്തിര പ്രമേയം. അതിന് അധികം പറയാൻ ഇല്ലാത്തതുകൊണ്ടായിരിക്കാം അദ്ദേഹം ഉള്ളതും ഇല്ലാത്തതുമായ പല സംഭവങ്ങളും ഇവിടെ പറഞ്ഞത്. ഇരിങ്ങാല ക്കുടയിലെ സംഭവം വളരെ നിർഭാഗ്യകരമാണ്. അതിന് ശക്തമായ അന്വേഷണം നട ക്കുകയുമാണ്. അത് ഞാൻ ചാർജ്ജെടുത്ത ദിവസം തന്നെയാണെന്ന് പറയുമ്പോൾ എന്നാണെന്ന് കൂടി അന്വേഷിച്ചാൽ കൊള്ളാമായിരുന്നു. ഈ കേസിലെ പ്രധാന കുറ്റ വാളിയെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തുകഴിഞ്ഞിരിക്കുകയാണ്. കൂടുതൽ പ്രതികൾ ഉണ്ടോയെന്നുള്ളതാണ് ഇപ്പോഴത്തെ അന്വേഷണം. അന്വേഷണം ശക്തിപ്പെട്ട് വരികയാണ്. ഇന്നലെ ഉണ്ടായ സംഭവം രാഷ്ട്രീയമായി യാതൊരു ബന്ധവും ഇല്ലത്തതാണ്. പ്രതികളും ഇബ്രാഹീമും തൊട്ടടുത്ത അയൽപക്കക്കാരാണ്. അതിർത്തി തർക്കം വർഷങ്ങളായി നിലനിൽക്കുകയാണ്. രാഷ്ട്രീയ പ്രശ്നങ്ങൾ അല്ല. അതിനി ടയ്ക്ക് ഇബ്രാഹിമിന്റെ ജേഷ്ഠന്റെ ഭാര്യയെ മൊബൈൽ ഫോണിൽ വിളിച്ച് അനാവശ്യം പറഞ്ഞുവെന്നത് സംബന്ധിച്ച് പരാതി പോലീസ് സർക്കിൾ ഇൻസ്പെ ക്ടർക്ക് കിട്ടി. അതിനെത്തുടർന്ന് അദ്ദേഹം അവരെ വിളിച്ച് വരുത്തി താക്കീത് ചെയ്തു വിട്ടു. അല്ലാതെ രാഷ്ട്രീയമായിട്ടുള്ള പ്രശ്നമല്ല. അതിനുശേഷം അവിടുത്തെ പഞ്ചായത്ത് മെമ്പരുടെ മക്കളിൽ ഒരാളായ നൗഷാദും ഇബ്രാഹിമിന്റെ വീട്ടിലെ ജോലിക്കാരനും തമ്മിൽ വാക്കുതർക്കവും അടിപിടിയും ഉണ്ടാകുകയും ചെയ്തു. അത് ഇന്നലെ രാവിലെ ഉണ്ടായ സംഭവമാണ്. അതിനെത്തുടർന്ന് ജോലിക്കാരൻ നൗഷാദിനെ ദേഹോപദ്രവം ഏൽപിക്കുകയും തുടർന്ന് നൗഷാദിന്റെ രണ്ട് സഹോദരൻമാരും ഒരു ബന്ധുവും കൂടി ജോലിക്കാരനോട് ചോദിക്കാൻ ചെന്നപ്പോൾ ഇബ്രഹീമുമായി ഏറ്റുമുട്ടൽ ഉണ്ടാകുകയുമാണ് ചെയ്തത്. വളരെ നിർഭാഗ്യകരമായ സംഭവമാണത്. ഇതിനെതിരെ കർശനമായ നടപടിയെടുക്കും. നോട്ടീസിനകത്ത് പ്രതികൾ പുറത്ത് വിഹരിക്കുകയാണെന്ന് എഴുതിയിട്ടുണ്ട്. പ്രതികൾ അവിടെ വിഹരിക്കുന്നില്ല. എവിടെ പോയാലും അറസ്റ്റ് ചെയ്യത്തക്ക വിധത്തിൽ അന്വേഷണം വളരെ ശക്തിയാക്കിയിട്ടുണ്ട്. പ്രതികളെ ഉടൻ തന്നെ അറസ്റ്റ് ചെയ്തു നിയമത്തിന്റെ മുൻപിൽ കൊണ്ടുവരും. നിയമപരമായി ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് തരുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III ശ്രദ്ധക്ഷണിക്കൽ

(1) കോഴിക്കോട് ജില്ലയിലെ പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കോഴിക്കോട് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതു കാരണം തൊഴിലാളികൾ അനുഭവിക്കുന്ന ദുരിത പൂർണ്ണമായ സ്ഥിതിയിലേക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കണം എന്ന് ആവശ്യപ്പെട്ട് ആ മേഖലയിലെ തൊഴിൽ നഷ്ടപ്പെട്ട് പട്ടിണിയിലായ തൊഴിലാളികൾ ഒരു വർഷക്കാലമായി കളക്ടറേറ്റ് പടിക്കൽ സമരത്തിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ് തുറന്നു പ്രവർത്തിച്ചിട്ടില്ല. തൊഴിലാളികൾക്ക് യാതൊരുവിധ ധനസഹായവും നൽകിയിട്ടുമില്ല. ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് രണ്ടു വർഷമായി ലേ-ഓഫ് ചെയ്തിരിക്കുകയാണ്. കുറേ തൊഴിലാളികൾ പിരിഞ്ഞുപോയി. ബാക്കിയുള്ളവർക്ക് ലേ-ഓഫ് വേതനം നൽകിയിട്ടില്ല. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ കോംപ്ലക്സിൽ ഉൽപ്പാദനം കുറച്ചതുകാരണം ഇരുന്നൂറിലധികം പേർക്ക് തൊഴിൽ നഷ്ടമായി. ബേപ്പൂരിൽ പ്രവർത്തിക്കുന്ന സിൽക്കിന്റെ ഷീപ്പ് ബ്രേക്കിംഗ് യൂണിറ്റ് അടഞ്ഞു കിടക്കുകയാണ്. കോഴിക്കോട് ജില്ലയിൽ അടച്ചു പൂട്ടിയ വ്യവസായങ്ങൾ നിരവധിയാണ്. മാവൂരിലെ ഗ്വാളിയർ റയോൺസ്, വെസ്റ്റ് ഇൻഡ്യ സ്റ്റീൽ കമ്പനി, കാരപ്പറമ്പിലെ കാരാ കാഷ്യൂ, ചെറുവണ്ണൂരിലെ മമ്മളി കോഫി, ബീച്ചിൽ പ്രവർത്തിക്കുന്ന കോമൺ വെൽത്തിന്റെ ടെക്സ്റ്റൈൽ .യൂണിറ്റ്, വടകരയിൽ പ്രവർത്തിച്ചിരുന്ന 160ഓളം സിമന്റ് പാത്ര വ്യവസായങ്ങൾ, ഫറൂഖ് മേഖലയിലെ 20 എൻജിനീയറിംഗ് വ്യവസായങ്ങൾ, കല്ലായിയിലെ സ്റ്റാൻഡേർഡ് ഫർണീച്ചർ, കല്ലായിയിലെ തന്നെ പ്രസിദ്ധമായ മര വ്യവസായങ്ങൾ, ജില്ലയിലെ ഖാദി ഗ്രാമ വ്യവസായങ്ങൾ, ബീഡി, കയർ, കൈത്തറി, ഇഷ്ടിക, തീപ്പെട്ടി, പ്ലൈവുഡ്, ഓട് മുതലായ വ്യവസായ സ്ഥാപനങ്ങൾ എന്നിവ അടച്ചു പൂട്ടിയവയിൽപ്പെടും. ചിനാലൂർ എസ്റ്റേറ്റ് അടച്ചുപൂട്ടിയതുകാരണം 3,000 പേർക്കാണ് തൊഴിൽ നഷ്ടമായത്. കാർഷിക മേഖലയിലുണ്ടായ തകർച്ച കാരണം കോഴിക്കോട്ടെ പ്രസിദ്ധമായ വ്യാപാര വാണിജ്യ മേഖല വമ്പിച്ച തകർച്ചയിലാണ്. ഇതു കാരണം ആയിരക്കണക്കിന് ആളുകളാണ് തൊഴിൽ രഹിതരായത് സ്വകാര്യ ഉടമസ്ഥതയിലുള്ള ഫറൂഖ് ടൈൽവർക്സ്, സ്റ്റെർലിംഗ് ടൈൽ വർക്സ്, ഭാരത് ടൈൽ വർക്സ്, സ്വദേശി ടൈൽ വർക്സ്, ഓറിയന്റൽ ടൈൽ വർക്സ്, കാമാക്ഷി ഏജൻസീസ്, നാഷണൽ ടൈൽ വർക്സ് എന്നീ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ട് രണ്ടുമൂന്നു വർഷമായി. തൊഴിലാളികൾക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റി ആനുകൂല്യം പോലും കൊടുത്തിട്ടില്ല. തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യം കൊടുക്കാത്ത ഉടമകൾക്കെതിരെ നടപടി സ്വീകരിച്ച് പട്ടിണിയിലായ തൊഴിലാളികളെ രക്ഷിക്കണം. കഴിഞ്ഞ മൂന്നര വർഷംകൊണ്ട് 25,000-ൽ അധികം തൊഴിലാളികൾക്കാണ് ജില്ലയിൽ തൊഴിൽ നഷ്ടപ്പെട്ടത്. തൊഴിൽ നഷ്ടപ്പെട്ട് തെരുവാധാരമായ കോഴിക്കോട് ജില്ല വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറിയിരിക്കുകയാണ്. ഇത് പരിഹരിക്കാൻ അടിയന്തിരമായി ഗവൺമെന്റ് ഇടപെടണം. പൊതുമേഖലയിലെ വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കണം എന്നാവശ്യപ്പെട്ട് ജില്ലയിലെ മുഴുവൻ തൊഴിലാളി സംഘടനകളും മാർച്ച് 31-ന് പണിമുടക്ക്

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചിരിക്കുകയാണ്. തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം കാണണം. ഡെപ്യൂട്ടേഷനിൽ മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരെ അവിടെ തുടരാൻ അനുവദിക്കുകയും ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന യൂണിറ്റുകൾ നവീകരിച്ച് തുറന്ന് പ്രവർത്തിപ്പിക്കുകയും വി.ആർ.എസ് വാങ്ങിപ്പോയവർ കഴിച്ച് ബാക്കിയുള്ളവർക്ക് തൊഴിൽ കൊടുക്കുകയും വേണം. അവിടത്തെ തൊഴിലാളികളുടെ വേജ് ഘടന 17 വർഷം മുമ്പ് ഉണ്ടാക്കിയതാണ്. ഇത് പുതുക്കി നിശ്ചയിക്കണം. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പാക്കേജ് അനുസരിച്ച് പുനരുദ്ധരിച്ച് പട്ടിണി കിടക്കുന്ന തൊഴിലാളികളെ സംരക്ഷിക്കണം. സ്റ്റീൽ കോംപ്ലക്സിൽ റീ-റോളിംഗ് മിൽ സ്ഥാപിച്ച് സ്റ്റീൽ റോഡുകൾ സ്വന്തമായി ഉൽപ്പാദിപ്പിക്കാൻ നടപടി സ്വീകരിക്കണം. 'സിൽക്കി'ന്റെ ബേപ്പൂരിലുള്ള യൂണിറ്റ് പൊളിക്കാനുള്ള കപ്പൽ ലേലമായി. സ്ക്രാപ്പിന് നല്ല വില കിട്ടുന്ന സമയമായതിനാൽ ലാഭകരമായി അത് പ്രവർത്തിപ്പിക്കാൻ പറ്റുന്നതാണ്. അതിനുള്ള നടപടി സ്വീകരിക്കണം, മാവൂർ ഗ്വാളിയർ റയോൺസിനു വേണ്ടി വ്യവസായ ആവശ്യം എന്ന നിലയിൽ 1958-ൽ അക്വയർ ചെയ്ത 400 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് തുടങ്ങാൻ കഴിയുന്ന വ്യവസായ പാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ശ്മശാന മൂകത തളം കെട്ടി നിൽക്കുന്ന മാവൂർ ഗ്രാമത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ കഴിയണം. ജില്ലയിൽ ധാരാളം തൊഴിലവസരങ്ങളുള്ള കരിങ്കൽ ക്വാറികളുടെ പ്രവർത്തനം പോലീസും റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് തടസ്സപ്പെടുത്തുകയാണ്. ഈ തൊഴിൽ സംരക്ഷിക്കാൻ ഉദാരമായ വ്യവസ്ഥകൾ ഏർപ്പെടുത്തണം. നഷ്ടപ്പെട്ട തൊഴിൽ പുനസ്ഥാപിക്കാനും നിശ്ചലമായ കോഴിക്കോടിന്റെ വ്യവസായ മേഖല സജീവമാക്കി പുനസ്ഥാപ്പിക്കാനും കോഴിക്കോടിന്റെ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പ്രതാപം വീണ്ടെടുക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കോഴിക്കോട് ജില്ലയിലെ സ്വകാര്യ മേഖലയിലും പൊതു മേഖലയിലുംപെട്ട ഏതാനും വ്യവസായങ്ങൾ പൂട്ടിക്കിടപ്പുണ്ട് എന്നത് ശരിയാണ്. സ്വകാര്യ മേഖലയിലെ ചില ഓട്, ഇഷ്ടിക, വ്യവസായ യൂണിറ്റുകളും ഏതാനും ചെറുകിട വ്യവസായ സ്ഥാപനങ്ങളും പൂട്ടിക്കിടക്കുകയാണ്. കൂടാതെ മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി, കുന്നത്തറ ടെക്സ്റ്റൈൽസ്, മലബാർ ക്രംബ് റബ്ബർ ഫാക്ടറി, കോമൺവെൽത്ത് വീവിംഗ് ഫാക്ടറി, ടാറ്റാ ഓയിൽ മിൽസ്, മുതലായ ഫാക്ടറികൾ വളരെ മുമ്പു തന്നെ പൂട്ടിക്കിടക്കുന്നതാണ്. ഉൽപ്പന്നങ്ങളുടെ മേൻമക്കുറവ്, മാനേജ്മെന്റ് തകരാറ്, സാമ്പത്തിക കുഴപ്പം, വൈദ്യുതി നിരക്കിലെ വർദ്ധനവ്, ബാങ്കുകളുടെ നിസ്സഹകരണം, കമ്പനികൾ യഥാസമയം ആധുനികവത്കരിക്കാത്തത്,

LIBRARY ARCHIVES Kerala Legislative Assembly

വിപണിയിലെ മൽസരങ്ങൾ, മലിനീകരണ പ്രശ്നങ്ങൾ തുടങ്ങിയവയാണ് അടച്ചു പൂട്ടാനുള്ള കാരണങ്ങൾ. പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്ന പദ്ധതിയിൻ കീഴിൽ വ്യവസായ വകുപ്പ് കോഴിക്കോട് ജില്ലയിൽ ഇതുവരെ 109 ചെറുകിട വ്യവസായങ്ങൾ പുനരുദ്ധരിച്ചിട്ടുണ്ട്. 30 ചെറുകിട വ്യവസായ യൂണിറ്റുകളെ പീഡിത വ്യവസായങ്ങളായി ഈ വർഷം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഒറ്റത്തവണ തീർപ്പാക്കൽ നടപടികൾ എടുത്തുവരുന്നു. വായ്പ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുമായി അവരുടെ കടം തീർപ്പാക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകൾ നടത്തുന്നതോടൊപ്പം ഈ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ-പുനരധിവാസ പദ്ധതികൾ കെ.എസ്.ഐ.ഡി.സി. നടത്തുന്നുണ്ട്. പൊതു മേഖലയിൽ കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് ലിമിറ്റഡ്, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് എന്നിവയും പ്രതിസന്ധിയിലാണ്. ഇതിൽ കേരളാ സോപ്സ് ആന്റ ഓയിൽസ് ലിമിറ്റഡിലും മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിലും ഇ.ആർ.സി. ശുപാർശയുടെ അടിസ്ഥാനത്തിൽ വി.ആർ.എസ്. നടപ്പാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ പൂട്ടാനാണ് ഇ.ആർ.സി.-യുടെ ശുപാർശ. പക്ഷേ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് സ്വകാര്യ പങ്കാളിത്തത്തോടെ പുനസംഘടിപ്പിക്കണ മെന്നായിരുന്നു ഇ.ആർ.സി. ശുപാർശ എങ്കിലും ഇ.ആർ.സി.-യുടെ പ്രവർത്തനം നിർത്തിവച്ച സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:ക്രമീകരണം സംബന്ധിച്ച് പഠിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതി അടുത്തു തന്നെ കൂടുന്നുണ്ട്. സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും ഈ കാര്യങ്ങളിൽ അന്തിമ തീരുമാനം എടുക്കുക. കോഴിക്കോട് ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ മലബാർ സ്പിന്നിംഗ് ആന്റ വീവിംഗ് മിൽസ് ലിമിറ്റഡ്, കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ് എന്നിവയിലെ പ്രശ്നങ്ങളേക്കുറിച്ച് ചർച്ച ചെയ്യുന്നതിന് 16-3-2005-ൽ ഒരു ഉന്നതതല യോഗം വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരെയും ക്ഷണിച്ചിട്ടുണ്ട്.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, കോഴിക്കോട് ജില്ലയിൽ ഉണ്ടായിട്ടുള്ള വ്യവസായത്തകർച്ച വളരെ ഗുരുതരമായി തുടരുകയാണ് ഇത് പരിഹരിക്കുന്നതിനു കോഴിക്കോട് ജില്ലയിലുള്ള വ്യവസായികളേയും തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകളേയും വിളിച്ച് ഇതിന് പരിഹാരം കാണുന്നതിനാവശ്യമായ ഒരു ചർച്ച സംഘടിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): 16-ാം തീയതിയിലെ ചർച്ചയ്ക്ക് ശേഷം കോഴിക്കോട് ജില്ലയിൽ ഒരു പ്രത്യേക യോഗം വിളിച്ചു ചേർക്കാം. 16-ാം തീയതി നടക്കുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അത് സംബന്ധിച്ച് തീരുമാനമെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly